Retail Price: ₹ 10/-

സെപ്റ്റംബർ 2014 ബാംഗ്ലൂർ

Vol: I Issue: 6 Page 8

September 2014 | Bangalore

# ഹെവൻലി എക്സ്പ്രസ്സ് Heavenly express

Reg. No. NoMAG(3)/NPP/392/2013-14 Annual Subscription ₹ 100/- Email: heavenlyexpressindia@gmail.com


## "ARISE AND BUILD" EXCEEDS CRORES




**Bangalore:** "Arise and Build" is a new initiative taken by the Central District Council of South India Assemblies of God with the aim of purchasing 100 lands to build churches across Karnataka and Goa. The target of the mission, spearheaded by Rev. Paul Thangaiah, the Central District superintendent, along with the Executive Committee of Central District, was to raise one crore rupees by August 17th. Although it was announced only a few months back, all AG pastors and believers earnestly participated in the contribution. As a result, God enabled them to raise five times the original estimate for the 'Arise and Build' fund. Rev. Paul Thangaiah the Central District superintendent, Rev. T.J. Benny, Assistant superintendent, Rev.Arthur Napoleon, Secretary, Rev.Justin John, Treasurer and member Daniel Koti encouraged the zeal of the believers in joining with the work for the expansion of the God's kingdom.

## ഐ.പി.സി നോർത്തേൺ റീജിയൻ 44–ാമതു ജനറൽ കൺവൻഷൻ

**ന്യൂഡൽഹി:** ഐ. പി.സി നോർത്തേൺ റീജിയൻ 44–ാമതു ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും ഒക്ടോബർ 8–12 വരെ ഝാൻസിറാണി റോഡിലുള്ള അംബേദ്കർ ഭവനിൽ നടക്കും. പി.എം. ജോണിന്റെ അദ്ധ്യക്ഷതയിൽ സഭാ പ്രസിഡന്റ് പാസ്റ്റർ ശമുവേൽ ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ രവി മണി (ബാംഗ്ലൂർ) മുഖ്യ പ്രസംഗകനായിരിക്കും. പാസ്റ്റർമാരായ സി. പി. റ്റൈറ്റസ്, ലാലി പോൾ തുടങ്ങിയവരും പ്രസംഗിക്കും.

"ക്രിസ്തീയ ജീവിതത്തിലും ശുശ്രൂഷയിലും ആഴമേറിയ അനുഭവം പ്രാപിക്കുക" എന്നതാണു ചിന്താവിഷയം. കൺവൻഷനോടനുബന്ധിച്ച് പകൽ ബൈബിൾ ക്ലാസ്സ്, ശുശ്രൂഷക സമ്മേളനം, ജനറൽ ബോഡി തുടങ്ങിയവ ഉണ്ടായിരിക്കും. ശനിയാഴ്ച ഉച്ച കഴിഞ്ഞ് സണ്ടേസ്ക്കൂൾ, പി.വൈ.പി.എ, സോദരി സമാജം എന്നിവയുടെ വാർഷിക സമ്മേളനവും ഞായറാഴ്ച പകൽ പൊതു സമ്മേളന യോഗവും നടക്കും.

സയോൺ സിംഗേഴ്സ് ഗാനങ്ങൾ ആലപിക്കും. ഇന്ത്യയിലും നേപ്പാളിൽ നിന്നുമുള്ള ശുശ്രൂഷകരും വിശ്വാസികളും സമ്മേളനത്തിൽ പങ്കെടുക്കും. പാസ്റ്റർ ജി.ജോയിക്കുട്ടി, ബ്രദർ എം.ജോണിക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകും.


എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളടത്തോളം നാം ചെയ്യേണ്ടതാകുന്നു (യോഹ. 9:4)

**യുണൈറ്റഡ് പെന്തക്കോസ്തൽ ലേഡീസ് പ്രെയർ ഫെല്ലോഷിപ്പ് (UP-LPF)**
**പ്രവർത്തനങ്ങൾ 10 വർഷങ്ങൾ പൂർത്തീകരിച്ചു.**
**പുത്തൻ ചുവടുവെപ്പോടെ 2–ാം ദശകത്തിലേക്ക്.**

UP-LPF ഒരുക്കുന്ന **"വനിതാ കൺവെൻഷൻ - 2014"**

സ്ഥലം – ഏബെൻ–ഏസെർ എഡ്യുക്കേഷനൽ ഇൻസ്റ്റിട്യൂഷൻ ഓഡിറ്റോറിയം
സതേൺ ഏഷ്യ ബൈബിൾ കോളേജിന് സമീപം (കൊത്തനൂർ)

തിയ്യതി – ഒക്ടോബർ 16 മുതൽ 18 വരെ

സമയം – രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ

പ്രാസംഗികർ




ദൈവ കരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെടുന്ന ദൈവ ദാസിമാരുടെ വിവിധ ആത്മീയ ശുശ്രൂഷകൾ

സഭാവ്യത്യാസമെന്യെ കർതൃഭൃത്യന്മാർ സഹോദരന്മാർ ഏവരും സംയുക്തമായി സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നു

ഹൃദയസ്പർശിയായ അനുഭവ സാക്ഷ്യങ്ങൾ






Praise & Worship by UP-LPF CHOIR

**സമാപന സമ്മേളനം**

തിയ്യതി 18-10-2014 ശനിയാഴ്ച

സമയം രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ



ഉദ്ഘാടനം പാസ്റ്റർ തോമസ്സ് ഫിലിപ്പ് (കേരളം)

സന്ദേശം പാസ്റ്റർ കെ. ജോയി (ന്യൂ ഡൽഹി)

പങ്കെടുക്കുന്ന ഏവർക്കും ആഹാരക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക്

Sr. Sara Thomas - 09902532415 Sr. Jyothi Johnson - 09449261757 Sr. Mercy Mony - 08861244196

2014 ഒക്ടോബർ 16, 17, 18 തിയ്യതികളിൽ യു.പി.എൽ.പി.എഫ്. ഒരുക്കുന്ന വനിതാ കൺവെൻഷന് ബംഗ്ലൂർ ഹെന്നൂർ സിഗ്നലിന് സമീപമുള്ള ന്യൂലൈഫ് കോളേജിന് മുൻപിലുള്ള ബസ് സ്റ്റോപ്പിൽ നിന്ന് കൺവെൻഷൻ നടക്കുന്ന ഓഡിറ്റോറിയത്തിലേക്ക് സൗജന്യമായി വാഹന ക്രമീകരണം ചെയ്യുന്നുണ്ട്. ആദ്യ ട്രിപ്പ് രാവിലെ 9.30 നും രണ്ടാമത്തെ ട്രിപ്പ് രാവിലെ 10.00 നും പുറപ്പെടുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ : മനോജ് – 9743101900, മേഴ്സി – 8861244196

**EDITORIAL BOARD**

**Chairman:**
Rev. P.K.Johnson
(9845154986)
(pastorpkjohnsonmcag@gmail.com)

**Chief Editor:**
Bro.Blesson K.Philip
(9740783440)

**Media Director:**
Bro. Biju Mathew

**Technical Manager:**
Bro. Sijo Mathew

**EXECUTIVE EDITORS:**
Br. Blesson Babu
Bro. Manu Thomas
Sis. Joshly P.Johnson
Sis. Sherly

**ASSOCIATE EDITORS:**
Bro. Prince Mathew
Bro. Reji Das

**National Co-ordinator:**
K.Cherian (09594710818)

**Overseas Coordinators:**
**New York:**
Cherian J Vincen
**Philadelphia:**
Samuel Mathew
**Florida:**
Chacko Varghese
**New Jersey:**
Varghese Pampor
**South Africa:**
Bro. Allwin K.Lazer
**Bahrain:**
Bro. Babyson Johnson
**Dubai:** Sam Thomas
**Sharja:** M K Joykutty
**Ajman:** Blesson Cherian
**Doha Qatar:** Benoy Kurian
**Oman Musket:** Jacob Ninan

**REGIONAL COORDINATORS:**
**Delhi:** Jacob Thomas
**Mumbai:** Thomas Cherian
**Pune:** Joy Daniel
**Rajasthan:** Jose Baby
**Lucknow:** Sunil Pathrose
**Shimla:** Benson George

**Kerala State:**
Bro. Tijo T.Cherian (P.Thitta)
Sabu George (Kollam)
Kurian Alexander (Iduki)

**Karnataka State**
**Bangalore:**
Daniel M.K.
**North Karnataka:**
Rev. K.P.Kuriachen
**Malanad Districts of Karnataka:** Pastor Lal Kumar

**നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക. ലേഖനങ്ങൾ, കവിതകൾ, കഥകൾ, വാർത്തകൾ മറ്റ് ഇതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 25-ാം തീയതിക്കകം അയച്ചു തരിക.**

**Address :**
**HEAVENLY EXPRESS**
Email: heavenlyexpressindia@gmail.com
Telephone Numbers:
09740783440, 09845154986



## എഡിറ്റോറിയൽ



# യോഗ്യരായി മുന്നേറാം...

യിസ്രായേൽ ജനതയെ കനാൻ ദേശത്തേക്ക് നയിച്ച ശക്തനായ നേതാവായ യോശുവ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. ഈ പേരിന്റെ അർത്ഥം യഹോവ രക്ഷിതാവ് എന്നാണ്. ഈ പേരുകാരനല്ലാതെ ആർക്കാണ് ദൈവത്തിന്റെ സ്വന്ത ജനത്തെ നിയന്ത്രിക്കുവാൻ കഴിയുക. എന്നാൽ പോലും യോശുവ പല സന്ദർഭങ്ങളിലും ഒരു ചെറിയ അളവിലെങ്കിലും പതറിപ്പോകുന്ന അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. കൂടെ നടന്നവർ അതായത് തന്നെ അനുഗമിച്ചവർ ദൈവത്തിന്റെ സ്വന്ത ജനമാണെങ്കിലും തക്കം കിട്ടിയാൽ ചിതറിയോടുവാൻ വെമ്പുന്ന ആട്ടിൻ കൂട്ടത്തെപ്പോലെയായിരുന്നു. ഇന്നത്തെ ദൈവജനത്തിനും ഏതാണ്ട് ഇതേപോലെ തന്നെയുള്ള അവസ്ഥയാണുള്ളത്. തക്കം കിട്ടിയാൽ ചിതറി ഓടുക തന്നെ ചെയ്യും. യോശുവയ്ക്ക് ഇതൊക്കെ തന്റെ യാത്രയിൽ തന്നെ അലട്ടിയിരുന്ന പ്രശ്നങ്ങളായിരുന്നു. കൂടാതെ മോശെ എന്ന തന്റെ ആത്മീയ നേതാവിന്റെ അസാന്നിദ്ധ്യം, പോരാത്തതിന് താൻ ഏറ്റെടുത്തിരിക്കുന്ന വേലയുടെ വലിപ്പം ഇതൊക്കെ തന്നെ ധാരാളം മതി ഒരു നേതാവിന് ആകുലപ്പെടുവാൻ. എന്നാൽ ദൈവം തന്റെ പേര് യോശുവയെ ഓർമ്മിപ്പിക്കുന്നു. യഹോവ രക്ഷിതാവ്.

ഇത്രയുമല്ല, ഇനിയുമുണ്ട് യോശുവയ്ക്ക് തന്റെ യാത്രയ്ക്ക് തടസ്സമായ അനേക ചോദ്യങ്ങൾ. കൂടെയുള്ളവർ ദൈവത്തിന്റെ ജനമാണു സത്യം. എന്നാൽ കനാൻ ദേശത്ത് എത്തുന്നതിനു മുമ്പായി ഇനിയും അനേകം കരുത്തരായ പോരാളികളെ നേരിടേണം. പ്രകൃതി തരുന്ന കഷ്ടങ്ങൾ വേറെയും. മാത്രമല്ല, യുദ്ധം ചെയ്ത് യാതൊരു പരിചയവും ഇല്ലാത്ത നിസ്സാരന്മാരായ ജനം.

ഒടുവിൽ അതാ യിസ്രായേൽ ജനം കാത്തിരുന്ന സമയം വന്നിരിക്കുന്നു. അവകാശദേശം കാണാവുന്ന ദൂരത്തായി. പക്ഷേ മുമ്പിൽ യോർദ്ദാൻ നദി കരകവിഞ്ഞ് ഒഴുകുന്നു. ഒരു പക്ഷെ 38 വർഷങ്ങൾക്കു മുമ്പ് ഇവിടെ എത്തിച്ചേരേണ്ടവരല്ലേ? എന്തുകൊണ്ട് അവർക്ക് അതിനു സാധിച്ചില്ല? കരുത്തനായ നേതാവ് ഉണ്ടായിട്ടു പോലും തങ്ങൾക്ക് എവിടെയാണ് പിഴച്ചത്?

പലപ്പോഴും ദൈവത്തിന്റെ ശക്തിക്ക് പ്രാമുഖ്യം കൊടുക്കാതെ തങ്ങളുടെ സ്വയം എഴുതിവെച്ച പ്രമാണങ്ങളിൽ അതാണ് ശരി എന്ന് വരുത്തിത്തീർത്ത് കൂടെ നടക്കുന്നവരെയും പറഞ്ഞ് അതിൽ വിശ്വസിപ്പിച്ച് വഴിതെറ്റിച്ച് മരുഭൂമിൽ ഉഴന്ന് നടക്കുമാറാക്കുന്ന അനേകം നേതാക്കൾ ഇന്നും ഉണ്ട്. കൂട്ടത്തിൽ പിറുപിറുക്കുന്ന സാധാരണ ജനവും ആർക്കും ആരെയും കുറ്റപ്പെടുത്തുവാൻ കഴിയില്ല. സ്വയം വിമർശനം ചെയ്യുക. മുമ്പിൽ യോർദ്ദാൻ കരകവിഞ്ഞൊഴുകുമ്പോഴും പ്രശ്നങ്ങളെ അതിജീവിക്കുവാൻ സഹായിക്കുന്ന ഒരു ദൈവമാണ് നിന്നെ വിളിച്ചിരിക്കുന്നത്. ആ വിളിക്കു യോഗ്യമായി മുന്നേറുക.

# THE MESSAGE TO THE CHURCH IN PERGAMUM

Pr. Samkutty



**The City of Pergamum**

Pergamum was a city in the Roman province of Asia, west of what is now called European Turkey. History says that when Philetaerus revolted against the Thracian Lysimachus in 282 B.C it became the capital of his kingdom, which in 133 BC was bequeathed by Attalus III to the Romans, who formed it into the province of Asia. The first, and for some time the only, temple of the imperial cult was built there (about 29 BC) in honour of Rome and Augustus. Pergamum was the official administrative capital of the province of Asia Minor, even though Ephesus or Smyrna may have been the first city from a commercial point of view. Pergamum was the centre of the official religion, and the seat of imperial authority and justice in the province. It was also a centre of the four of the greatest pagan cults, of Zeus, Athena, Dionysus, and Asclepius. A small town (Bergama) still stands on the plain below the site of the ancient city.

Although Pergamum was no longer the capital of Asia in John's time, it was one of the cities in which the governor regularly heard legal cases and made decisions. As in all provinces the governor alone held the right of capital punishment.

The church in Pergamum- A church married to the World

The Greek word 'Pergamum' means marriage (implying union) and fortified tower. As a sign, the church in Pergamum prefigures the church that entered into marriage union with the world and became a high fortified tower equivalent to the great tree prophesied by the Lord in the parable of the mustard seed (Matt: 13:31-32). As we know the church went through severe persecution by the Roman Emperors in the first three centuries. But Satan failed to destroy the church. He changed his strategy. Instead Satan tried to corrupt the church through Constantine's welcoming of Christianity as the state religion in the first part of the fourth cent. Through Constantine's encouragement and political influence, multitude of unbelievers were baptized (without repentance) in to the "church." Since the church as a chaste bride is espoused to Christ, her union with the world considered a spiritual fornication in the eyes of God.

Satan's throne: Satan's throne has been interpreted diversely as the altar dedicated to Zeus on the acropolis of Pergamum, and the seat of the Roman Governor. As in the message to Smyrna, Satan is seen as the ultimate instigator of actions taken against Christians by local

>> Page 3

ഹെവൻലി എക്സ്പ്രസ്സ് Heavenly express

# കൊച്ചി അന്തരീക്ഷ മലിനീകരണം കുറഞ്ഞ നഗരം. ലോകാരോഗ്യ സംഘടന

**കൊച്ചി:** ലോകാരോഗ്യ സംഘടന പുറത്തു വിട്ട അന്തരീക്ഷ മലിനീകരണം കുറഞ്ഞ നഗരങ്ങളിൽ കൊച്ചിയും. രാജ്യത്ത് അന്തരീക്ഷ മലിനീകരണം ഏറ്റവും കുടുതലുള്ളത് ഡൽഹി, മുംബൈ, ഹൈദരബാദ്, ബാംഗ്ലൂർ, ചെന്നെ എന്നീ നഗരങ്ങളിലാണ്. അന്തരീക്ഷ മലിനീകരണം കൂടുതലുള്ള രാജ്യങ്ങളിൽ ഒമ്പതാം സ്ഥാനത്താണ് ഇന്ത്യ. ലുധിയാനയിലാണ് ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണമുണ്ടാകുന്നതെന്നാണ് ലോകാരോഗ്യ സംഘടന വ്യക്തമാക്കുന്നത്.

നിർമ്മാണ പ്രവർത്തനങ്ങൾ മൂലവും വാഹനങ്ങളിൽ നിന്നുമാണ് ഏറ്റവും കൂടുതൽ അന്തരീക്ഷ മലിനീകരണമുണ്ടാകുന്നത്. 2012 ൽ 70 ലക്ഷം പേർ അന്തരീക്ഷ മലിനീകരണം മൂലം മരണപ്പെട്ടതായും സംഘടനയുടെ റിപ്പോർട്ടിൽ പറയുന്നു.

# ഒ പി എ ഫാമിലി കോൺഫ്രൻസ്

**തിരുവല്ല:** പെന്തെക്കോസ്തൽ അസംബ്ലി ഓഫ് മസ്ക്കറ്റ് (ഒപിഎ) മുൻകാല അംഗങ്ങളുടെ 19-ാമതു കുടുംബസംഗമം ജൂലൈ 19നു ശാരോൻ ഹോളിൽ പാസ്റ്റർ വൈ.ജോർജ്ജുകുട്ടിയുടെ അധ്യക്ഷതയിൽ നടന്നു. പാസ്റ്റർ ജോൺ ഫിലിപ്പ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർ ഫിലിപ്പ് പി.തോമസ് മുഖ്യ സന്ദേശം നൽകി. ഒ പി എ സഭയിൽ നിന്നു അടുത്തയിടെ മടങ്ങി വന്നവർ സാക്ഷ്യം പ്രസ്താവിച്ചു. പാസ്റ്റർ ടി.വി.പൗലോസ് പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. 10,12 സ്റ്റാൻഡേർഡുകളിൽ ഉന്നതവിജയം നേടിയവർക്കുള്ള അവാർഡുകൾ സഹോദരന്മാരായ ടി.എ.ഏബ്രഹാം, എം.എം.തോമസ് എന്നിവർ വിതരണം ചെയ്തു.

ഒ പി എയുടെ മുൻകാല ശുശ്രൂഷകന്മാരെ പ്രതിനിധീകരിച്ച് പാസ്റ്റർ ബാബു സാമുവേലും അംഗങ്ങളെ പ്രതിനിധീകരിച്ച് പാസ്റ്റർ റെജി ബി. ഏബ്രഹാമും ആശംസകൾ അറിയിച്ചു. പാസ്റ്റർ ജേക്കബ് പി. ഏബ്രഹാം സംഗീതശുശ്രൂഷയ്ക്കു നേതൃത്വം നൽകി. കോഓർഡിനേറ്റർ ബ്രദർ തോമസ് മാത്യു സ്വാഗതവും ഒപിഎ കൗൺസിൽ മെമ്പർ ഫിലിപ്പ്, ബേബി കൃതജ്ഞതയും പറഞ്ഞു. പാസ്റ്റർമാരായ സാം ജോൺ, ജോൺസ് മാത്യു, അലക്സ് ജോൺ, ബ്രദർ കെ.വി.ഐപ്പ് എന്നിവർ പ്രാർത്ഥിച്ചു.

# ഐ പി സി ഷാർജ വർഷിപ്പ് സെന്ററിന്റെ വാർഷിക കൺവൻഷൻ

**യു.എ.ഇ:** ഐ.പി.സി ഷാർജ വർഷിപ്പ് സെന്ററിന്റെ വാർഷിക കൺവൻഷൻ സെപ്റ്റംബർ 1 മുതൽ 3 വരെ ഷാർജ വർഷിപ്പ് സെന്ററിലെ പ്രധാന ഹാളിൽ നടന്നു.

രാത്രി 8 മുതൽ 10 വരെ നടന്ന യോഗത്തിൽ പാസ്റ്റർ പി.സി.ചെറിയാൻ മുഖ്യാഥിതിയായിരുന്നു. വർഷിപ്പ് സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ വിൽസൺ ജോസഫ്, പാസ്റ്റർ തോമസുകുട്ടി, പാസ്റ്റർ റോയി ജോർജ്ജ്, ബ്രദർ എ.പി.ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.

# അയച്ചുകഴിഞ്ഞ മെസേജ് ഡിലീറ്റ് ചെയ്യാൻ പുതിയ ആപ്പ്

**ന്യൂയോർക്ക്:** അയച്ച മെസേജ് മാറിപ്പോയാൽ പിന്നെ അത് കൈവിട്ടു പോയ പട്ടം പോലെയാണ്. പിന്നെ ഡിലീറ്റ് ചെയ്യാൻ സാധിക്കില്ല. എന്നാൽ അതിനു പരിഹാരമാവുകയാണ് ഇൻവിസിബിൾ ടെക്സ്റ്റ് എന്ന മൊബൈൽ ആപ്ലിക്കേഷൻ. അയച്ചു കഴിഞ്ഞ മെസേജ് ഈ ആപ്പ് ഉപയോഗിച്ച് ഡിലീറ്റ് ചെയ്യാം. പക്ഷെ, അത് സ്വീകരിക്കുന്ന ആൾ അയച്ച മെസേജ് തുറക്കും മുമ്പായിരിക്കണമെന്നു മാത്രം.

ഇൻവിസിബിൾ ടെക്സ്റ്റ് ആപ്പ് ഉപയോഗിച്ച് ടെക്സ്റ്റ്,




വീഡിയോ, വോയ്സ്, ചിത്രം തുടങ്ങിയവ അയക്കുവാൻ സാധിക്കും. മാത്രമല്ല, മെസേജുകൾ നമ്മൾ തീരുമാനിക്കുന്ന സമയത്തിനുള്ളിൽ സ്വീകരിക്കുന്ന വ്യക്തി തുറന്ന് നോക്കിയില്ലെങ്കിൽ ഓട്ടോമാറ്റിക്കായി ഡിലീറ്റ് ചെയ്യപ്പെടും.

# ലഹരിവിരുദ്ധ ബോധവൽക്കരണ റാലി

**സാബു ജോർജ്ജ് ചാങ്കൂർ**

**അടൂർ:** ഈസ്റ്റ് ഡിസ്ട്രിക്ട് പി.വൈ.പി.എ.യുടെയും ബേർശേബാ മിനിസ്ട്രി കുടശ്ശനാടിന്റെയും സംയുക്താഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ റാലി 2014 ആഗസ്റ്റ് 15-ാം തീയതി രാവിലെ 9ന് ഏഴംകുളം ഐ.പി.സി. ചർച്ചിൽ വച്ച് പാസ്റ്റർ ഷിജു ഡാനിയേലിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഉദ്ഘാടനം ചെയ്ത ഈ റാലി പത്തനംതിട്ട ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കൂടി സഞ്ചരിച്ച് വൈകിട്ട് 6 മണിക്ക് അടൂരിൽ പര്യവസാനിച്ചു. റാലി കടന്നുപോയ സ്ഥലങ്ങൾ: ഏഴംകുളം, പറക്കോട്, പന്നിവിഴ, കീരുകുഴി, പറന്തൽ, പഴകുളം, ഇളംപള്ളിക്കൽ, കടമ്പനാട്, തുവയൂർ, നെല്ലിമുകൾ, മണക്കാല, അടൂർ. റാലിയിൽ പാസ്റ്റർ ജിജി ചാക്കോയും കൂടാതെ അനുഗ്രഹീത കർത്തൃദാസന്മാരും മുഖ്യസന്ദേശം അറിയിച്ചു. പാസ്റ്റർ മാത്യു റ്റി. ഫിലിപ്പ് പബ്ലിസിറ്റി കൺവീനറായി പ്രവർത്തിച്ചു.

# ഇറാക്കിൽ വിമതർ ക്രൈസ്തവ പട്ടണങ്ങൾ പിടിച്ചെടുത്തു

**കിർകുക്ക്:** ഇറാക്കിൽ ഐ.എസ്.ഐ.എസ്. ക്രൈസ്തവ ഭൂരിപക്ഷ മേഖലകൾ പിടിച്ചെടുക്കുന്നതിനാൽ ഇവിടെനിന്നും പതിനായിരക്കണക്കിനു ക്രൈസ്തവർ കുർദ്ദുകളുടെ സ്വയം ഭരണ പ്രദേശങ്ങളിലേക്കു പാലായനം നടത്തി.

വടക്കൻ ഇറാക്കിലെ ക്രൈസ്തവ പ്രദേശങ്ങളായ ഖാറഖോഷ്, ബാർതെല്ല, കറംലേഷ്, അൽ ഖൈമർ നഗരങ്ങളാണ് സുന്നി വിമതർ പിടിച്ചെടുത്തത്. ഇവിടത്തെ കുർദ്ദിഷ് പെഷ്മർഗസേന പിൻവാങ്ങിയതിനെത്തുടർന്നാണിത്.

*>> From Page 2*

authorities. Satan's throne is in the world where he dwells and the sphere of his reign.

In Greek Antipas means against all. A faithful witness of the Lord stood against all that the worldly church brought in and practiced. The word witness suggests that Antipas was arrested and interrogated by the Roman Governor. Finally he was executed by the Roman Governor. Hence he became a martyr of the Lord. The Greek word for martyr is same as that for witness. He was an anti-witness, bore an anti-testimony against anything that deviated from the testimony of Jesus. In the midst of persecution the church did not deny the name of Jesus but it remained faithful to the Lord. The Lord's faith denotes all that we must believe in concerning Lord's person and work.

But the Lord has a few things against the church. There were people who held on to the teaching of Baalam, who was a gentile prophet who for some wages enticed God's people to intermarry with the Moabites and worship their gods(Num.25:1-3). Idolatry always brings in fornication. The teaching of Balaam distracts believers from Christ to idolatry and from the enjoyment of Christ to fornication.

In the church of Ephesus the works of the Nicolatians were found (v.6), where as in the church in Pergamum their work has progressed to become a teaching. Today in both Catholicism and Protestantism, this Nicolatian hierarchy prevails in both practice and teaching.

Could a Christian participate in dinner parties with non –Christians, in meals which often could consist of food offered to such deities and involve prayers and hymns to them. As children of God can we participate in Onasadhya, where the food is sacrificed first to an idol?

> **As children of God it is high time to turn to the Lord and seek his face with repentance.**

The Lord is asking the church to Repent and turn to Him.

To the one who overcomes, He will give him the hidden manna. Manna is a type of Christ as the heavenly food that enables God's people to go his way. A portion of manna was preserved in a golden pot concealed in the Ark (Ex.16:32-34; Heb.9:4). The open manna was for the God's people to enjoy in a public way; the hidden manna signifying the hidden Christ, is a special portion reserved for his overcoming believers, who overcome the degradation of the worldly church.

If we seek the Lord and overcome the degradation of the church today and enjoy a special portion of the Lord today will be rewarded to us in the coming kingdom as a hidden manna. If we cannot enjoy him as a special portion today in the Christian life, how can we enjoy Him as a reward in the coming kingdom?

Here we can see a church reconciled to world and is passions. There are faithful witnesses like Antipas in the church at the same time there are people who holds the teaching of Balaam and Nicolatians.

Today the church is more prone to the world and its passions than ever before. Now –a – days for many people spirituality is a fashion than an experience. Especially the young people are addicted to cinema, serial, social media etc. which they consider as not harmful to Christian life. They consider Jesus as one of the heroes like a

*>> Page 5*

# സ്വപ്നത്തിനും സാക്ഷാൽക്കാരത്തിനുമിടയിൽ



ബിനു വടക്കുംചേരി

നമ്മുടെ ആത്മാവിൽ ഒളിപ്പിച്ചുവെച്ച പ്രതീക്ഷയുടെ നാമ്പുകളാണ് സ്വപ്നങ്ങൾ! ഒരു സ്വപ്നത്തെ താലോലിച്ചു അതൊരു അഭിലാഷമായി വളർത്തിയും, ആ സ്വപ്നം കൈവരിക്കാൻ പ്രാർത്ഥനയും കഠിനമായ പരിശ്രമവും നടത്തുന്നവർ വിജയം കാണും എന്നതിൽ രണ്ടു പക്ഷമില്ല. തിരുവചനം പരിശോധിച്ചാൽ ഒരു സ്വപ്നക്കാരനായ യോസേഫിനെ കാണുവാൻ കഴിയും. യോസേഫിന്റെ സ്വപ്നങ്ങൾ നിമിത്തം സഹോദരന്മാർ അവനെ പകച്ചു. സ്വന്തം അപ്പനു പോലും തന്റെ സ്വപ്നം ഉൾക്കൊള്ളുവാൻ കഴിയാതെ പോയി. യാക്കോബ് യോസേഫിനോട് ചോദിച്ചത് നീ കണ്ട സ്വപ്നം എന്ത്? ഞാനും നിന്റെ അമ്മയും നിന്റെ സഹോദരന്മാരും സാഷ്ടാംഗം വീണു നിന്നെ നമസ്കരിക്കാൻ വരുമോ എന്നായിരുന്നു.

യാക്കോബ് പറഞ്ഞത് അനുസരിച്ച് ശേഖേമിൽ ആടു മേയ്ക്കുന്ന സഹോദരന്മാരെ തേടി ഹെബ്രോൻ താഴ്വരയിൽ നിന്നും യാത്ര തിരിച്ചു. ശേഖേമിൽ തന്റെ സഹോദരരോടൊത്തു സന്തോഷം പങ്കിടുവാനും അവരുടെ ക്ഷേമം അപ്പനെ അറിയിക്കാം എന്നൊക്കെ ചിന്തിച്ച യോസേഫിനു തെറ്റിപ്പോയി. ഹെബ്രോൻ എന്ന കൂട്ടായ്മയുടെ താഴ്‌വരയിൽ നിന്നും അവന് ഇറങ്ങി തിരിച്ചത് തന്റെ ദർശനം സാക്ഷാത്കരിക്കാനുള്ള യാത്രയായിരുന്നു എന്ന് അവൻ അറിഞ്ഞിരുന്നില്ല. ദൂരെ നിന്ന് കണ്ടപ്പോൾ തന്നെ പരിഹാസ്യത്തോടെ 'ഇതാ സ്വപ്നക്കാരൻ' വരുന്നു എന്ന് സഹോദരർ തമ്മിൽ തമ്മിൽ പറഞ്ഞു. ഇവൻ ജീവനോടെ ഇരുന്നാൽ അല്ലോ അവനെ നാം നമസ്കരിക്കേണ്ടത്? അവനെ കൊന്നു കുഴിയിൽ ഇട്ടുകളയാം എന്ന് നിനച്ചു എങ്കിലും രൂബേൻ പറഞ്ഞതു പ്രകാരം യോസേഫിനു ജീവഹാനി വരുത്തിയില്ല. യോസേഫ് അരികെ എത്തിയപ്പോൾ അവന്റെ നിലയങ്കി അഴിച്ചു അവനെ പൊട്ടക്കിണറ്റിൽ ഇട്ടു. കുടുംബത്തിന്റെ കൂട്ടായ്മയിൽ നിന്ന് അന്യപ്പെട്ടു, അപ്പൻ അണിയിപ്പിച്ച അങ്കി നഷ്ടപ്പെട്ടു, പൊട്ടക്കിണറിൽ തള്ളപ്പെട്ടു പിന്നീട് സ്വന്തം രക്തബന്ധങ്ങൾ 20 വെള്ളിക്കാശിനു മിദ്യാന്യ കച്ചവടക്കാർക്ക് വിറ്റുകളഞ്ഞു. ഒട്ടകത്തോട് ചേർത്തു ബന്ധിച്ചു. അടിമയാക്കിക്കൊണ്ട് മിസ്രയീമിലേക്കുള്ള യോസേഫിന്റെ യാത്ര അതികഠിനമായിരുന്നു.

നഗ്നപാദങ്ങൾ ചൂടേറിയ മരുഭൂമിയിൽ പതിച്ചപ്പോൾ ചേതനയറ്റ മനസ്സിൽ തന്റെ സ്വപ്നങ്ങൾ മാത്രം അവശേഷിച്ചു. തന്റെ വഴികളിൽ ദൈവത്തിലുള്ള വിശ്വാസം മുറുകെ പിടിച്ച യോസേഫിനെ ഫറവോന്റെ ഉദ്യോഗസ്ഥനായ പോത്തീഫറിന്റെ ഗൃഹവിചാരകനാക്കി ഉയർത്തി. എന്നാൽ ലോകം നൽകുന്ന താൽക്കാലിക സുഖത്തെക്കാൾ ദൈവീക ദർശനത്തിനു പ്രാധാന്യം കൊടുത്ത യോസേഫിനെ ദൈവം മാനിച്ചു. ഇന്ന് ആത്മീയ ഗോളത്തിൽ നോക്കുമ്പോൾ കഴിഞ്ഞ കാല അടിയുടെ അവസ്ഥകൾ മാറി ചില ഉയർച്ചകൾ വരുമ്പോൾ ദൈവത്തെ മറന്നു സാഹചര്യങ്ങളിൽ മറപിടിച്ച് മുന്നോട്ടു പോകുന്നവർ ദൈവം ഉദ്ദേശിച്ച സ്ഥാനത്ത് എത്തിച്ചേരാൻ കഴിയാതെ ദർശനത്തിന്റെ പൂർണ്ണത കൈവരിക്കാൻ കഴിയാതെ പരാജയപ്പെടുകയാണ്.

ഇന്നലെകൾ പിന്നിട്ടു നിത്യവാസത്തിലേക്ക് അടുക്കും തോറും, നാളെ നാം പ്രിയം വെച്ച നാട്ടിൽ നാഥന്റെ മാർവ്വിൽ ചാരുന്ന സുദിനം ഓർത്താൽ ഈ കാലത്തിലെ പ്രലോഭനങ്ങളെയും കഷ്ടങ്ങളെയും സാരമില്ലെന്ന് എണ്ണുവാനും നമുക്ക് കഴിയും.

പോത്തീഫറിന്റെ വീട്ടിൽ അല്പകാലം ചെറിയ ആശ്വാസം ലഭിച്ചെങ്കിലും ലോകയിമ്പത്തോട് അനുരഞ്ജനത്തിനു തയ്യാറാകാത്തതിനാൽ താൻ അറിയാത്ത കുറ്റത്തിന് കാരാഗൃഹവാസം നയിക്കേണ്ടിവന്നെങ്കിലും അവിടെയും തന്റെ സ്വപ്നങ്ങൾ കൈവിടാതെ സ്വപ്നം നൽകിയ ദൈവത്തിൽ മാത്രം താൻ ആശ്രയിച്ചതുകൊണ്ട് ദൈവിക ദർശനത്തിന്റെ സാക്ഷാത്കാരത്തിനു സാക്ഷിയായി, ഫറവോന്റെ കൊട്ടാരം വരെ താൻ എത്തിച്ചേർന്നു.

നമുക്കും വലിയ ദർശനങ്ങൾ, വാഗ്ദത്തങ്ങൾ ദൈവം തരും. ആ സ്വപ്നത്തിന്റെ സമാപ്തിയിലേക്കുള്ള യാത്രക്കിടയിൽ പ്രതികൂലങ്ങൾ, കഷ്ടതകൾ ഓരോന്നായി നേരിടുമ്പോഴായിരിക്കും നാം തിരിച്ചറിയുക സ്വപ്നത്തിനും സാക്ഷാത്കാരത്തിനും ഇടയിൽ നാം കാണാത്ത കാഴ്ചകളും ദൈവത്തിന്റെ കരുതലും. ദർശനം വലുതാണെങ്കിൽ അതിനു പിന്നിലെ കഷ്ടതയും വലുതായിരിക്കും. യോസേഫിന്റെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നത് അതാണ്. സ്വന്തം സഹോദരർ തള്ളിക്കളയുമ്പോഴും പൊട്ടക്കിണറിന്റെ അനുഭവം നേരിടുമ്പോഴും ചൂടേറിയ മരുഭൂമിയിൽ ചുട്ടുപൊള്ളുന്ന യാത്രയും, പോത്തീഫറിന്റെ ഭാര്യയുടെ പ്രലോഭനങ്ങളും, കാരാഗൃഹവാസവും..... എല്ലാം നേരിട്ട യോസേഫിനെ പിടിച്ചു നിർത്തിയത് ദൈവത്തിലുള്ള ആശ്രയം ഒന്നു മാത്രമാണ്. പരീക്ഷവേളകളിൽ അദ്ധ്യാപകൻ കൂടെയുണ്ടെങ്കിലും മൗനമായിരിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിൽ പ്രതികൂല (പരീക്ഷ) വേളകളിൽ യോസേഫിനെപ്പോലെ ദൈവത്തിൽ മാത്രം ആശ്രയംവെച്ചു മിണ്ടാതെയിരുന്നു യഹോവ ദൈവം എന്ന് തിരിച്ചറിയുവാൻ ഇടയാകണം.

നാം ഈ ലോകത്തിലായിരിക്കുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തെ കളങ്കപ്പെടുത്തുന്ന കൂട്ടായ്മകൾക്ക് വിട പറയുവാൻ മടി കാണിക്കരുത്. ഇന്നലെകളിലെ കൂട്ടായ്മകളിൽ സഖ്യം ചേർന്ന് ലഭിച്ച ദർശനം മറുന്നുകൊണ്ടും നവയുഗ സഭയിൽ വേർപാടും വിശുദ്ധിയും നഷ്ടപ്പെടുത്തിയ ആത്മീയ അന്ധർക്കിടയിൽ യോസേഫിനെ നമുക്ക് മാതൃകയാക്കാം. എല്ലാം തന്റെ സ്വപ്നം നിമിത്തമായിരുന്നുവെന്ന് തിരിച്ചറിഞ്ഞ യോസേഫിനെപ്പോലെ മൗനമായിരുന്നു..... വാക്കു പറഞ്ഞാൽ മാറാത്ത ദൈവത്തിൽ വിശ്വസിച്ചു ദർശനത്തിന്റെ സമാപ്തിക്കിടയിലുള്ള പരിശീലനത്തിൽ നമുക്ക് തളരാതെ യാത്ര ചെയ്യാം! അതിനായി ദൈവം നമ്മെ സഹായിക്കട്ടെ! ■

## റീജിയൻ കൺവൻഷൻ ഒക്ടോബർ 24 മുതൽ 26 വരെ



Rev. Aby George, Rev. M. Kunjappy, Rev. P.J. James, Rev. Prathap Sing, Rev. K.J. Mathew, Rev. P.R. Baby, Rev. Shibu Thomas, Rev. Tomy Joseph

**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് മലയാളം റീജിയൻ ജനറൽ കൺവൻഷൻ ഒക്ടോബർ 24, 25, 26 തീയതികളിൽ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. റീജിയൻ അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്ററന്മാരായ എബി ജോർജ്ജ്, എം. കുഞ്ഞപ്പി, പി.ജെ.മാത്യു, പി.ആർ.ബേബി, ഷിബു തോമസ്, ടോമി ജോസഫ് എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

ഗാനശുശ്രൂഷയ്ക്ക് ബ്രദർ സോണി സി ജോർജ്ജ് നേതൃത്വം നൽകും.

ഹെവൻലി എക്സ്പ്രസ്സ് Heavenly express

www.godsownlanguage.com/mal/Magazine/Heavenly_Express

എന്ന പേജിൽ ലഭ്യമാണ്

ഹെവൻലി എക്സ്പ്രസ്സ് Heavenly express

Heavenly Express is a monthly Christian Newspaper produced by the HVAG trust. Published on its behalf by Rev.P.K.Johnson And edited by Bro.Blesson K.Philip. Printed at Evangel Printers, Bangalore.

**ANNUAL SUBSCRIPTION- INDIA RS.100/-**
**LIFE SUBSCRIPTION – INDIA RS.2000/-**
**ANNUAL SUBSCRIPTION- OVERSEAS US $25**

By money order,Demand draft or cheques.
To Heavenly express ,No.155,KSFC layout,
Oil mill road,Bangalore-560084

**BANK DETAILS :**
**HEAVENLY EXPRESS :**
**A/C No. 0231053000023127**
**IFSC : SIBL0000231**
**SOUTH INDIAN BANK**
**M.S Nagar branch, Bangalore-43**

**ADVERTISEMENT RATES:**
**Colour pages**
**FRONT ONLY QUARTER PAGE: RS.1500/-**
**BACK ONLY QUARTER PAGE: RS 1350/-**
**INSIDE FULL PAGE RS. 3500/-**
**INSIDE HALF PAGE RS.2000/-**
**INSIDE QUARTER PAGE RS. 1200/-**

**BLACK & WHITE:**
**FULL PAGE RS.2500/-**
**HALF PAGE RS.1500/-**
**QUARTER PAGE RS.800/-**
**DISPLAY 60 WORDS RS.500/-**
**MATRIMONIAL RS. 300/-**

Dead Lines: All matters for publication should reach us before the 20th of the previous month along with the full payment.

**NEWS ITEMS & ARTICLES**

Heavenly express welcomes, news, reports, ,articles for Publication. Views expressed or implied In advertisements or news items are not necessarily Those of Heavenly express. While much attention is paid To the accurate reproduction of advertisement or other Materials, we are not responsible for any errors or delays in Proofing, printing or posting. Heavenly express reserves the right to edit/reject certain ads/other material without assigning any reason. For MATRIMONIALS etc. Readers are advised to make appropriate and thorough Inquiries before acting upon any advertisement. This newspaper does not necessarily Agree to the claims or representations made by any advertiser.

# വഴിപിഴച്ച സംസ്കാരം വേണോ?



ജെ.പി. വെണ്ണിക്കുളം

ഇന്നത്തെ അത്യാധുനിക വിവരസാങ്കേതിക വിദ്യയെ നോക്കി കൊഞ്ഞനം കാണിക്കുന്ന ധാരാളം ആളുകളുണ്ട്. അവ എന്തോ പാപം ആണെന്ന് ചിന്തിക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ സമൂഹ മാധ്യമങ്ങൾ (സോഷ്യൽ മീഡിയാസ്) ഉൾപ്പടെയുള്ള ഇന്റർനെറ്റ് സംവിധാനങ്ങൾ നല്ല കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുമ്പോഴാണ് ശരിയും തെറ്റും തമ്മിൽ ഇഴപിരിച്ചെടുക്കാൻ സാധിക്കുന്നത്. ഇന്നത്തെ തലമുറകളുടെ തകർച്ചയ്ക്ക് പൂർണ്ണ ഉത്തരവാദി ഇന്റർനെറ്റാണെന്ന് കണ്ണുംപൂട്ടി പറയുന്നവർ വർദ്ധിച്ചുവരികയാണ്. എന്തിനേറെ, മാതാപിതാക്കളിൽ പോലും നല്ലൊരു ശതമാനം അങ്ങനെ തന്നെ വിശ്വസിക്കുന്നു.

ശരിയും തെറ്റും തിരിച്ചറിഞ്ഞ് ജീവിക്കേണ്ട പ്രായത്തിൽ അതിനു മുതിരാതെ തങ്ങൾ പിടിച്ച മുയലിനു കൊമ്പുകൂടുതലാണെന്ന ചിന്തകൾ അധമസംസ്കാരം വളർത്തിയെടുത്ത വഴിവിട്ട സംസ്കാരത്തിന്റെ ഭാഗമായി തലമുറകൾ മറന്നുവോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പണവും മറ്റ് സൗകര്യങ്ങളും ഉണ്ടെങ്കിൽ എല്ലാമായി എന്നിവർ ചിന്തിക്കുന്നു. കുടുംബബന്ധത്തിന് ഇവിടെ സ്ഥാനമില്ല. മുറി അടച്ച് അകത്ത് കയറിയാൽ തീരുന്ന ബന്ധങ്ങൾ വളർന്നവരികയാണ്. കുടുംബപ്രാർത്ഥനകൾ പോലും ടി.വി. ചാനലുകളാണ് നിയന്ത്രിക്കുന്നത്. അപകടങ്ങളിൽ ചെന്നു ചാടുന്ന കുഞ്ഞുങ്ങളെ നോക്കി അവരെ തിരുത്തുന്നതിനു പകരം സ്മാർട്ടുഫോണുകളെ പഴിക്കുകയാണ്. അച്ചടക്കമുള്ള ഭവനാന്തരീക്ഷത്തിൽ ഊഷ്മളമായ ബന്ധമുണ്ടാകും. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ സംഭവിച്ചാൽ കുട്ടികൾ യഥേഷ്ടം ജീവിക്കും. അവിടെ നിയന്ത്രണങ്ങൾക്ക് സ്ഥാനമില്ല. ആർക്കും അവരെ തിരുത്തുവാൻ സാധ്യമല്ല. എന്നാൽ മാതാപിതാക്കൾ കാര്യക്ഷമമായ നിലയിൽ അവരുടെ കാര്യത്തിൽ ഇടപെട്ടാൽ ഒരു പക്ഷേ അവരെ നേർവഴിയിൽ നടത്താൻ കഴിഞ്ഞേക്കും. വളരുന്ന വിവരസാങ്കേതിക വിദ്യയെ തടയുകയോ അത് ഉപയോഗിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തുകയോ ചെയ്യുന്നത് ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരമല്ല. പ്രത്യുത, വ്യക്തിപരമായ ബന്ധം ഭവനാന്തരീക്ഷത്തിൽ സൃഷ്ടിക്കുകയത്രേ വേണ്ടത്. ഇന്നത്തെ കുട്ടികളിൽ പലരും അവരുടെ കാര്യത്തിൽ മാതാപിതാക്കൾ ഇടപെടേണ്ട എന്നു ചിന്തിക്കുന്നവരാണ്. മക്കളെ സ്നേഹിച്ചും ശാസിച്ചും വളർത്തിയിരുന്ന കാലം അന്യമായിക്കൊണ്ടിരിക്കുന്നു. ശാസനയെ വെറുക്കുകയും പരിധിവിട്ടാൽ ജീവിതം അവസാനിപ്പിക്കുവാനും ഇവർ മടിക്കുന്നില്ല.

മക്കളെ വളർത്തുമ്പോൾ അവരുടെ മനസ്സിനൊപ്പം മാതാപിതാക്കൾ നീങ്ങണം. പ്രത്യേകിച്ച് ചിലവൊന്നും ഇല്ലാത്ത കാര്യമാണല്ലോ മക്കളെ വളർത്തുക എന്നത്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെ മനസ്സിലാക്കി സമയോചിതമായി ഇടപെടാൻ സാധിച്ചാൽ പ്രശ്നങ്ങൾ കുറയും. ചിലരെയെങ്കിലും കൗൺസിലർമാരുടെ അടുക്കൽ കൊണ്ടുപോകേണ്ടി വന്നേക്കാം.

മുറിക്കുള്ളിലെ ലോകം എന്താണെന്ന് മാതാപിതാക്കൾക്ക് ഒരു എത്തുപിടിയുമില്ല. അവിടെ വളർന്നുവരുന്നത് സാർവ്വലൗകികമായ ബന്ധങ്ങളാണ്. പ്രായഭേദം കൂടാതെ സ്ഥാപിച്ചെടുക്കുന്ന ബന്ധങ്ങൾ പലതും വ്യാജമാണ് എന്ന് തിരിച്ചറിയുമ്പോഴേക്കും എല്ലാം കൈവിട്ട് പോയിരിക്കും. മാതാപിതാക്കളിൽ നിന്നും കേൾക്കാനോ പഠിക്കാനോ ശ്രമിക്കുന്നതിനു പകരം സുഹൃത്തുക്കളിൽ നിന്നും മറ്റും പഠിക്കുവാൻ ഇവർ ഇഷ്ടപ്പെടുന്നു. ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുന്നത് പോയിട്ട് ഭക്ഷണം കഴിക്കുന്നതിൽ പോലും ഇവർക്ക് താല്പര്യമില്ല.

കുഞ്ഞുങ്ങളെ സ്നേഹത്തോടെ വിളിക്കുകയും തലോടുകയും ചെയ്യുന്നതിനു പകരം അവരെ അസഹ്യപ്പെടുത്തുംവിധം നിരന്തരം ശകാരിക്കുന്നത് പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. എവിടെയെങ്കിലും പോയാൽ കൂടെക്കൂടെ ഫോൺ വിളിച്ച് അന്വേഷിക്കുന്നത് തങ്ങളുടെ സ്വകാര്യതയിൽ മാതാപിതാക്കൾ ഇടപെടുന്നു എന്നു പോലും വ്യാഖ്യാനിക്കുന്നു. അവരെ സംശയമുള്ളതുകൊണ്ടല്ലെങ്കിലും തങ്ങളുടെ കടമയായതുകൊണ്ടാണ് അന്വേഷിക്കുന്നതെന്നും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പാത്രത്തിൽ ചോറു റെഡിയാക്കി നൽകുന്നതും പെൺകുട്ടികളുടെ തലമുടി കെട്ടിക്കൊടുക്കുന്നതുമെല്ലാം ഇന്ന് ഇല്ലാതായിരിക്കുന്നു. ഫാസ്റ്റ് ഫുഡ് സംസ്കാരം വളർന്നു വരുന്നതുകൊണ്ട് ഭക്ഷണം കൊണ്ടുപോകാൻ താല്പര്യപ്പെടാറില്ല. വീട്ടിൽ നിന്നും പോകുന്ന കുട്ടികൾ ബസിൽ കയറന്നതുവരെ അവരെ നോക്കി നിൽക്കുന്നതും കാണാനില്ല. പോകുമ്പോൾ കതകടച്ചു പോകണമെന്ന ചിന്ത മാത്രമേയുള്ളൂ. രാവിലെ ഒൻപതു മുതൽ അഞ്ചുവരെ വീട്ടുകാരുടെ ശ്രദ്ധയിൽ ഇല്ല എന്നതുകൊണ്ട് എന്തുമാകാം എന്നു ചിന്തിച്ചാൽ അതു തെറ്റാണ്. മൂല്യങ്ങൾ പകർന്നു നൽകുന്ന അദ്ധ്യാപകരെ നിർബ്ബന്ധിക്കുന്നത് നന്നല്ല.

വീട്ടിലെ അന്തരീക്ഷത്തിൽ നിന്നും മാറിയിരിക്കുന്ന സമയത്ത് സ്കൂൾ ടീച്ചറുടെ മുഖത്തുനിന്നു ലഭിക്കുന്ന മൂല്യം തന്നെ നേർവഴിക്കു നയിക്കുവാൻ പര്യാപ്തമാണ്.

അനാവശ്യ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിച്ച് കുട്ടികളെ പ്രകോപിതരാക്കുകയല്ല വേണ്ടത്. നന്മതിന്മകളെക്കുറിച്ച് ബോധ്യം നൽകണം. കുട്ടികൾ ഉപയോഗിക്കുന്ന ഫോൺ അവർ കാണാതെ നിരീക്ഷിക്കുന്നതും അതിന്റെ പേരിൽ വീട്ടിൽ പൊട്ടിത്തെറികൾ ഉണ്ടാകുന്നതും ഇന്ന് സാധാരണമാണ്. പ്രായത്തിനനുസരിച്ച് തീരുമാനിക്കുക അവർക്ക് അതിന്റെ ആവശ്യമുണ്ടോ എന്ന്. ഉണ്ടെങ്കിൽ എന്തിനെല്ലാം ഉപയോഗിക്കണം എന്നുകൂടി അറിഞ്ഞിരുന്നാൽ നല്ലതാണ്. ഇന്നത്തെ മാതാപിതാക്കളിൽ പലർക്കും സ്മാർട്ട് ഫോണുകൾ ഉപയോഗിക്കാൻ അറിയാത്തത് കുട്ടികൾക്ക് സന്തോഷമാണ്.

കുട്ടികളുടെ സ്വഭാവത്തിൽ വ്യത്യാസം കാണുന്ന അന്നു മുതൽ നിരീക്ഷിക്കണം. എന്താണ് അവർക്ക് സംഭവിച്ചതെന്ന് അന്വേഷിച്ചറിഞ്ഞ് പരിഹാരവും കണ്ടെത്തണം. ശകാരത്തിന്റെയോ ശാപത്തിന്റെയോ വാക്കുകൾ ഉച്ചരിക്കാതെ അവരെ നല്ല വാക്കുകൾ പറഞ്ഞ് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാൻ ശ്രമിക്കുക. സൂര്യപ്രകാശമുള്ളിടത്തേക്ക് വളഞ്ഞ് വലുതാകുന്ന ചെടി പോലെയാകും.

നമ്മുടെ കുട്ടികൾക്ക് മതിവരുവോളം സ്നേഹവും പരിലാളനയും നൽകണം. അവരെ നല്ലവരാക്കി മാറ്റുന്നതിൽ വലിയൊരു പങ്ക് വഹിക്കാനുണ്ടെന്ന് മാതാപിതാക്കൾ മറന്നുപോകരുത്.

>> *From Page 3* | **TO THE CHURCH IN PERGAMUM**

film /sports star. They give more importance to worldly pleasures than spiritual enjoyment. Fasting and prayer is boring to them instead they find time in watching TV and logging to social medias and chatting with the opposite sex.

As children of God it is high time to turn to the Lord and seek his face with repentance. According to Heb.12;1 let us put away every encumbrance and the sin which so easily entangles us and run with endurance the race which is set before us. If so, the Lord will provide us with the hidden manna and a white stone with a new name on it. May God bless us.



## Bible Quiz 9

1) What was the name of Moses' brother?
2) Which god did the people of Lystra think Paul was?
3) What happened to the sun when the sixth seal was opened?
4) Who succeeded Herod the Great after his death?
5) What does the name Abram mean?
6) Which three tribes camped on the northern side of the tabernacle in the wilderness?
7) Where was Solomon anointed?
8) What color was the High Priest's robe?
9) How many silver pieces would each Philistine lord give to Delilah if she betrayed Samson?
10) David refers to the tribe of Judah as his what in the Psalms?

The correct answers should reach, on or before 25th of the respective month, to the following address: The Quiz Master, Heavenly Express, No.155, KSFC Layout, Oil Mill Road, Lingarajapuram, Bangalore 560084. (or) Email Id : heavenlyexpressindia@gmail.com
First and second prize will be awarded for every publication.

### ANSWERS FOR BIBLE QUIZ 8

| | |
|---|---|
| 1) Rachel (Gen 31:32) | 6) Love (1 Pe 4:8) |
| 2) Philip (Acts 8:38) | 7) Benhadad (2 Ki 8:15) |
| 3) Tent peg (Jdg 4:21) | 8) Archelaus (Matt 2:22) |
| 4) Forty-eight (Josh 21:41) | 9) Prevails with God (Gen 32:28) |
| 5) He was circumcised (Luke 2:21) | 10) Imagine evil (Pro 12:20) |

ഹെവൻലി express Heavenly എക്സ്പ്രസ്സ്

വാർത്തകൾ, ലേഖനങ്ങൾ, കഥ, കവിത മറ്റിതര കൃതികൾ തുടങ്ങിയവ എല്ലാ മാസവും 25-ാം തീയതിക്കു മുമ്പായി അയയ്ക്കുക. പരസ്യങ്ങൾ, വിവാഹപരസ്യങ്ങൾ തുടങ്ങിയവയ്ക്കും ബന്ധപ്പെടുക:

അയക്കേണ്ട വിലാസം: ഇമെയിൽ:
heavenlyexpressindia@gmail.com



# വീട്ടു തടങ്കലിൽ അടയ്ക്കപ്പെടുന്ന വാർദ്ധക്യങ്ങൾ



ജോർജ്ജ് വർഗ്ഗീസ്
അബുദാബി

"**കാഞ്ചന** കൂട്ടിൽ ആയിരുന്നാലും ബന്ധനം ബന്ധനം തന്നെ."

ചില മാസങ്ങൾക്കു മുമ്പ് ലേഖകനും അദ്ദേഹത്തിന്റെ ഭാര്യാപിതാവും (എം.എം.മത്തായി) തന്റെ അനുജനും ഭാര്യയും പ്രായമായ ഒരു മാതാവിനെ സന്ദർശിക്കുവാൻ പോകുകയുണ്ടായി. ഞങ്ങൾ ആ മാതാവ് താമസിക്കുന്ന വീടിന്റെ മുറ്റത്ത് കാർ നിർത്തി. ആരെയും അവിടെ കാണാനില്ല. പുറമേ നോക്കുമ്പോൾ മനോഹരമായ ഒരു ഇരുനില കെട്ടിടം. ഞങ്ങൾക്ക് സംശയം, ഇനി ആരും ഇവിടെ ഇല്ലെ? വന്നത് വെറുതെ ആയോ? പക്ഷെ സിറ്റൗട്ടിലെ ഗ്രിൽ പൂട്ടി ഇട്ടിരിക്കുന്നു. എന്നാൽ അകത്തെ വാതിൽ തുറന്നിട്ടിരിക്കുന്നു. ഞങ്ങൾക്ക് പ്രതീക്ഷയായി. കോളിങ് ബെൽ അടിച്ചിട്ടും ആരെയും കാണാനില്ല. അല്പ സമയം കഴിഞ്ഞപ്പോൾ ഒരു കാൽ പെരുമാറ്റം. ഞങ്ങൾ കാത്തിരുന്നു. കാത്തിരിപ്പിനൊടുവിൽ വാർദ്ധക്യ അവസ്ഥയിലുള്ള ഒരു മാതാവ് മെല്ലെ നടന്നു വരുന്നു. ആ നടത്തം ഗ്രില്ലിന്റെ മുമ്പിൽ നിലച്ചു. കാരണം ഗ്രിൽ പൂട്ടി മരുമകൾ വായനക്കു പോയി എന്ന് ആ മാതാവിൽ നിന്നും അറിയുവാൻ ഇടയായി. മകൻ വിദേശത്തും കൊച്ചുമക്കൾ വിദ്യാഭ്യാസത്തോടനുബന്ധിച്ച് പല സ്ഥലത്തും ആയതിനാൽ മറ്റാരും ആ വീട്ടിൽ ഇല്ല. കാഴ്ച കുറവു മൂലം ആ മാതാവിന് ഞങ്ങളെ ആദ്യം മനസ്സിലായില്ല. പിന്നെ പറഞ്ഞു മനസ്സിലാക്കി. അതിഥികളായി വന്ന ഞങ്ങൾ ആ വീട്ടിൽ ഒന്നു കേറാൻ പോലും സാധിക്കാതെ വന്ന വിഷമം ആ മാതാവിന്റെ മുഖത്ത് പ്രകടമായിരുന്നു. അല്പസമയം വീടിന്റെ മുറ്റത്തു തന്നെ നിന്നുകൊണ്ട് ഞങ്ങൾ അമ്മച്ചിയോട് ക്ഷേമാന്വേഷണങ്ങൾ നടത്തി തിരികെ പോകാൻ തുടങ്ങി. 14 വർഷത്തിനുശേഷം അമേരിക്കയിൽ നിന്നും കടന്നുവന്ന ഭാര്യാപിതാവിന്റെ അനുജന് ഒരു ചുംബനം പോലും കൊടുക്കാൻ ആ മാതാവിനു കഴിഞ്ഞില്ല. ജയിൽ അറകളിൽ കഴിയുന്ന ജയിൽപുള്ളികളെ സന്ദർശന വേളകളിൽ സന്ദർശകർ സന്ദർശിച്ച് പിരിയുമ്പോൾ ഇരുമ്പഴികൾക്കുള്ളിൽ നിന്നും കൈനീട്ടി ആ കൈയ്യിൽ ചുംബനം കൊടുത്തു പിരിയുന്നതുപോലെ ഞങ്ങളും ചുംബനം കൊടുത്തു പിരിഞ്ഞു. എന്നിട്ടും നിറ കണ്ണുകളോടെ വിതുമ്പി നിൽക്കുന്ന ആ മാതാവിന്റെ മുഖം മനസ്സിൽ നിന്നും മായുന്നില്ല.

ഇന്ന് ഇത് ലോകത്തിലെ ഒറ്റപ്പെട്ട ഒരു സംഭവം അല്ല. 10 മാസം വയറ്റിൽ ചുമന്ന് വേദനയോടെ പ്രസവിച്ച മാതാവിനെയും മക്കളെ വളർത്താൻ രാപ്പകൽ അദ്ധ്വാനിക്കുന്ന പിതാവിനെയും തങ്ങളുടെ മാതാപിതാക്കളുടെ വാർദ്ധക്യത്തിൽ ഉപേക്ഷിക്കുന്ന ഒരു സ്ഥിതി വിശേഷം ആണ് കണ്ടുവരുന്നത്. കരിമ്പിന്റെ നീര് ഊറ്റിയ ശേഷം ചണ്ടി വലിച്ച് എറിയുന്നതുപോലെ.. തെരുവുകളിലും ആരാധന സ്ഥലങ്ങളിലും ഇരുത്തിയിട്ട് മാതാപിതാക്കളെ ഉപേക്ഷിക്കുന്ന ഒരു പ്രവണത മലയാളികൾക്ക് ഉണ്ടായോ? ഇവർ ഒന്ന് ഓർക്കുക, നിങ്ങളും പ്രായമാകുമ്പോൾ, നിങ്ങളുടെ മക്കൾ ഇതു കണ്ടു പഠിക്കുന്നതുകൊണ്ട് അവരിൽ നിന്നും നിങ്ങളുടെ വാർദ്ധക്യത്തിൽ ഇതിലും കൂടുതലായി ഒന്നും പ്രതീക്ഷിക്കരുത്.

പഴയ കാലഘട്ടത്തിൽ സാമ്പത്തിക പരാധീനതയിലും മാതാപിതാക്കളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം നമ്മൾക്ക് ഉണ്ടായിരുന്നു. ഇന്ന് അണുകുടുംബ വ്യവസ്ഥയിൽ അന്യനാടുകളിൽ ചേക്കാറാൻ വെമ്പുന്ന വിദ്യാസമ്പന്നരായ തലമുറ ഒരു പ്രായപരിധി കഴിയുമ്പോൾ മാതാപിതാക്കൾ ഒരു ബാധ്യതയായി (Liability) മാറുന്നു. ചെറുപ്പത്തിൽ മക്കൾ ഒര ആസ്തി (Asset) തരുമെന്ന് പ്രതീക്ഷയോടെ കൈ വളരുന്നുണ്ടോ, കാൽ വളരുന്നുണ്ടോ എന്നു നോക്കി വളർത്തുന്ന മാതാപിതാക്കളുടെ രോദനം എവിടെയൊക്കെയോ അലയടിക്കുന്നു. നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക (പുറ. 20:12). ഇന്ന് ഓല മേഞ്ഞ വീടു നിന്ന സ്ഥാനത്ത് മണി മന്ദിരങ്ങൾ പണിതുയർന്നു. പക്ഷെ താമസിക്കാൻ ആരും ഇല്ല. പ്രായമായ മാതാവും പിതാവും. കൂടി വന്നാൽ ഒരു ഹോംനഴ്സ് അല്ലെങ്കിൽ വീട്ടു ജോലിക്കാരി. സ്നേഹിച്ചു വളർത്തിയ മക്കൾ മാതാപിതാക്കൾക്കു നൽകുന്ന പ്രതിഫലം. വൃദ്ധസദനങ്ങൾ വളരുന്നത് നമ്മുടെ മൂല്യച്യുതിയാണ് എന്നത് മനസ്സിലാക്കുക. മക്കൾ വളർന്നു വലുതാകുമ്പോൾ അവരുടെ സ്റ്റാറ്റസിന് കണ്ണിന് കാഴ്ച കുറഞ്ഞ, ത്വക്കു ചുളിഞ്ഞ, തല നരച്ച മാതാപിതാക്കൾ പറ്റുന്നില്ല. പലർക്കും തങ്ങളുടെ മാതാപിതാക്കളെ മറ്റുള്ളവരുടെ മുമ്പിൽ പരിചയപ്പെടുത്താൻ പോലും താല്പര്യമില്ല.

> **മക്കൾ വളർന്നു വലുതാകുമ്പോൾ അവരുടെ സ്റ്റാറ്റസിന് കണ്ണിന് കാഴ്ച കുറഞ്ഞ, ത്വക്കു ചുളിഞ്ഞ, തല നരച്ച മാതാപിതാക്കൾ പറ്റുന്നില്ല. പലർക്കും തങ്ങളുടെ മാതാപിതാക്കളെ മറ്റുള്ളവരുടെ മുമ്പിൽ പരിചയപ്പെടുത്താൻ പോലും താല്പര്യമില്ല.**

ഈ ഒരു അവസ്ഥ മാറണം. നമ്മുടെ സ്ക്കൂൾ തലങ്ങളിലും സഭയിലും മാതാപിതാക്കളെ സംരക്ഷിക്കേണ്ട ചുമതലയെ കുറിച്ച് ബോധവാന്മാരാക്കണം. ചെറുപ്പം മുതലെ കുട്ടികളുടെ ഉള്ളിൽ ആ ഒരു മാനസിക അവസ്ഥ വാർത്തെടുക്കണം. പ്രായാധിക്യത്തിൽ അവശത അനുഭവിക്കുന്നവരെ സന്ദർശിക്കുകയും അവരെ സഹായിക്കുകയും ചെയ്യണം എന്ന സന്ദേശം കുട്ടികളിൽ ചെറുപ്പം മുതലേ പരിശീലിപ്പിക്കേണ്ടത് മാതാപിതാക്കളുടെ ചുമതലയാണ്. പ്രായമായ മാതാപിതാക്കളെ ഇന്നും ബഹുമാനിക്കുകയും സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ആൾക്കാർ ഇന്നും ഉണ്ട്. അവർ സമൂഹത്തിൽ ഒരു മാതൃകയാണ്. മക്കളുടെ മക്കൾ വൃദ്ധന്മാർക്കു കിരീടമാകുന്നു. മക്കളുടെ മഹത്വം അവരുടെ അപ്പന്മാർ തന്നെ (സദൃ. 17:6).

പ്രിയമുള്ളവരെ, മാതാപിതാക്കളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്ന തലമുറയായി വളരാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

## വാൽകഷണം:

വീണ്ടും ലേഖകന്റെ ഭാര്യാപിതാവ് ടി മാതാവിനെ കാണുവാൻ, സന്ദർശിക്കുവാൻ പോയി. ഇത്തവണ വീട്ടിലല്ല ആശുപത്രിയിൽ ആണെന്നു മാത്രം. കാൽ ഒടിഞ്ഞു കിടക്കുന്ന മാതാവിനെ സന്ദർശിച്ച ശേഷം മടങ്ങി വരാന്നേരം ആ മാതാവ് നിറകണ്ണുകളോട് പറഞ്ഞു, മോനെ ഞാൻ വീണതല്ല– മരുമകൾ തള്ളി ഇട്ടതാണ്.




## Darkness

Sheena Tomy



*Moving boundary stones;*
*pasturing stolen flocks,*
*driving away orphan's donkey*
*and thrusting the needy from the path....*
*The poor go about their*
*labor of foraging food;*
*the wasteland provide*
*food for their children.*
*Having nothing to cover,*
*spending nights naked in the cold*
*drenched by mountain rains*
*hugging the rocks for shelter...*

*Fatherless child snatched from breast*
*Infant seized for a debt..*
*Carrying the sheaves, yet hungry..*
*crushing olives among the terraces*
*treading the winepresses.*
*yet suffer thirst..*
*The groans of the dying rise from the city,*
*the souls of the wounded cry out for help..*

*Rebelling against the 'light' ;*
*not knowing its ways or*
*staying in its paths,*
*Daylight gone the murderer rises up..*
*Adulterers, thieves...by day they shut*
*themselves in;*
*want nothing to do with the 'light'...*
*For all of them midnight is their morning;*
*making friends with the terrors of*
*Darkness*








# ദൈവീക അഭിഷേകം: സാത്താന്യ വശീകരണങ്ങളെ ജയിക്കുന്നത്



BIJI PHILIP

കർമ്മേലിന്റെ മലമുകളിൽ തീയിറക്കുകയും ബാൽ പ്രവാചകന്മാരെ അശേഷം വെട്ടിനശിപ്പിക്കയും ചെയ്ത ഏലിയാവ് ഇസബെലിന്റെ ഭയപ്പെടുത്തലിനു മുന്നിൽ മരിക്കണം എന്ന കൊതിയോടെ ചൂരച്ചെടിയുടെ തണലിൽ അഭയം പ്രാപിക്കുന്നു. ദൂതനെ വിട്ടു അവനെ ദൈവം ഉംർത്തിയെങ്കിലും ഹോരേബോളം നടന്നതിനു ശേഷം പ്രവാചകൻ ഒരു ഗുഹയിൽ കടന്നു ഒളിക്കുന്നു. മരിക്കുവാൻ തയ്യാറായവനോട് ദൈവത്തിന്റെ അടുത്ത ദൂത്, നീ ശാഫാത്തിന്റെ മകനായ എലിശയെ അഭിഷേകം ചെയ്യണം മാത്രമല്ല രാജാക്കന്മാരായി യെഹുവിനെയും ഹസ്സായെലിനെയും അഭിഷേകം ചെയ്യണം. ഹസ്സായെലിന്റെ വാളിനു തെറ്റുന്നവനെ യെഹു കൊല്ലും യെഹുവിന്റെ വാളിനു തെറ്റുന്നവനെ ഏലിശ കൊല്ലും.

ദൈവത്തിന്റെ പദ്ധതിയിൻ പ്രകാരം ഏലിയാവ് അഭിഷേകം ചെയ്ത രാജാവായ യേഹുവിൽ അസാധാരണമായ ഒരു അഭിഷേകം നമുക്ക് കാണാൻ കഴിയുന്നു. ഒരു ഭ്രാന്തനെപ്പോലെയത്രേ അവൻ കുതിര പുറത്തു വരുന്നതെന്ന് ഭയപ്പെടുന്ന നിലയിൽ രാജാക്കന്മാർ അവന്റെ വരവിൽ തന്നെ വിറക്കുന്നത് കാണാം. ദൈവം നമ്മിൽ പകരുന്ന അഭിഷേകത്തിനു ചുറ്റുമുള്ള അന്തരീക്ഷങ്ങളെ ശക്തിയോടെ സ്വാധീനിക്കുവാൻ കഴിയും എന്നുള്ളതിന്റെ തെളിവാണത്. മുപ്പതു ആണ്ടുകൾ മാതാപിതാക്കൾക്ക് കീഴടങ്ങിയിരിക്കയും യോർദാനിൽ സ്നാനമേറ്റു പരിശുദ്ധാത്മാവു നിറവു ഏറ്റെടുത്തു മരുഭൂമിയിൽ ഉപവസിച്ചു സാത്താന്റെ പരീക്ഷകളെ ജയിച്ചവൻ ദേവാലയത്തിൽ പുസ്തകം തുറന്നു വായിക്കുമ്പോൾ തന്നെ ദുരാത്മാക്കൾക്ക് അവിടെ ഇരിക്കുവാൻ കഴിഞ്ഞില്ലല്ലോ. കാലപ്പഴക്കമുള്ള ബന്ധനങ്ങൾ ആണല്ലോ യേശു കർത്താവിന്റെ സാമിപ്യത്തിൽ അഴിഞ്ഞു വീണത്. സമാധാനമോ എന്ന് ചോദിച്ചു കൊണ്ട് ഒരു സന്ധിക്കു യേഹുവിന്റെ അടുക്കലേക്കു അയച്ചു വിടുന്ന ദൂതന്മാർ പോലും മടങ്ങി വരാതെ അവന്റെ പിന്നിൽ അണിനിരക്കത്തക്ക രീതിയിൽ, ശത്രുവിന്റെ സാധ്യതകളെ തനിക്കു അനുകൂലമായി മാറ്റിയെടുക്കത്തക്ക രീതിയിൽ അവന്റെ അഭിഷേകം ചലിച്ചിരുന്നു എന്നത് ശ്രദ്ധേയമായ ഒന്നാണ്. പലരുടെയും തുടക്കം വലിയ അഭിഷേകത്തോടെയും അധികാരത്തോടെയും ഒക്കെ ആണെങ്കിലും ലോകത്തിന്റെ ഒഴുക്കിൽ പെട്ട് പണത്തിനും ജഡത്തിനും മാനുഷീക ഉയർച്ചകൾക്കും മുന്നിൽ ആത്മ വീര്യം ചോർന്നു പോയി അടിയറവു പറയുന്നവരില്ലേ? ദൈവം പാരമ്പര്യത്തിൽ നിന്നും ദുഷ്ടന്റെ അധീനതയിൽ നിന്നും മറ്റും ശക്തിയോടെ പുറപ്പെടുവിച്ചപ്പോൾ ഉളവായ തീഷ്ണത കാലങ്ങൾ കഴിയുമ്പോൾ ശോഷിച്ചു ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ആത്മാവും ജഡവും ലോകവും എല്ലാം കൂടി ഒരുമിച്ചു കൂട്ടികലർത്തി ഒരു പാത്രത്തിൽ നുകരുന്നവരായി തീരുന്നുണ്ടോ നമ്മൾ? മധുരവും കയ്പ്പും ഒരുപോലെ നമ്മിൽ നിന്ന് പുറപ്പെടുന്നുണ്ടോ? വെളിച്ചവും ഇരുളും മാറി മാറി വ്യാപരിക്കുന്നുണ്ടോ? ദൈവം വായിൽ നിന്ന് ഉമിഴ്ന്നു കളയേണ്ട നിലവാരത്തിൽ ശീതോഷ്ണവന്മാർ ആകുന്നുണ്ടോ? കടൽത്തിരകൾക്കു സമാനമായ സംശയത്താൽ ഉഴലുന്നവർ ആണോ നമ്മൾ? വിശ്വാസത്തിൽ ഇരിക്കുന്നുവോ അതോ മറ്റു പലതിനോടും രമ്യപ്പെട്ടു മുന്നേറുകയാണോ എന്ന് അത്മീയർ തങ്ങളെ തന്നെ ശോധന ചെയ്യേണ്ടിയിരിക്കുന്നു.

അനേകരെ തന്റെ കഴിവിനാലും ബുദ്ധിയാലും സൗന്ദര്യത്താലും വീഴ്ത്തിയ, എലിയാവിനെ പോലും വാക്കുകൾ കൊണ്ട് ഭയപ്പെടുത്തിയ, നബോത്തിന്റെ രക്തം മുന്തിരി തോട്ടത്തിൽ ചിതറിച്ച ഈസബെൽ തന്റെ കണ്ണിൽ ലേപനം എഴുതി യെഹുവിനെയും പാട്ടിലാക്കാം എന്ന് പ്രതീക്ഷയോടെ കാത്തിരുന്നു. അഭിഷേകത്തിന്റെ തികവോടെ ഓടുന്നവർ വീണു പോകാൻ ഇടയാക്കുന്ന ഏറ്റവും സാധ്യതയുള്ള ഒരു മേഖലയാണല്ലോ ജഡത്തിന്റെ സ്വാധീനത. ജ്ഞാനിയായ ശലോമോനും തിരഞ്ഞെടുക്കപ്പെട്ട ശൌലും നീരുറവ തേടി പോയ ലോത്തും, ദൈവശക്തിയുടെ പര്യായമായ സിംസോനും ഒക്കെ വീണു പോയത് ജഡത്തിന്റെ സ്വാധീനത്തിൽ ആണല്ലോ? ഇന്നും ശക്തന്മാരെ വീഴ്ത്തുവാൻ സാത്താൻ തിരഞ്ഞെടുക്കുന്ന മാർഗ്ഗവും അത് തന്നെ. മട്ടുപ്പാവിൽ നിന്ന് വാക്കുകൾ കൊണ്ട് വശീകരിക്കുവാൻ ശ്രമിച്ച ഈസബെലിനെ അവളുടെ തന്നെ ദൂതന്മാരെക്കൊണ്ട് താഴേക്ക് ഇട്ടു കൊന്നു കളയുവാൻ തക്കവണ്ണം യെഹുവിന്റെ വാക്കുകളിൽ അഭിഷേകത്തിന്റെ തികവുണ്ടായിരുന്നു. സ്വന്തം മട്ടുപ്പാവിൽ ഉള്ളവർ തന്നെ അവളെ താഴേക്ക് വലിച്ചെറിയുമെന്നു സ്വപ്നത്തിൽ പോലും അവൾ വിചാരിച്ചു കാണുകയില്ല. നാം പ്രതീക്ഷിക്കാത്ത ഇടത്ത് മാനുഷീക യുക്തിക്ക് നിരക്കാത്ത ദൈവപ്രവർത്തി ശത്രുവിന്റെ അരമനക്കകത്തു വെളിപ്പെടുത്തുവാൻ ദൈവത്തിനു കഴിയും ശത്രുപാളയത്തിൽ തന്നെ യഹോവയുടെ പക്ഷത്തുള്ളവരെ ഉളവാക്കിയെടുത്തു ദുഷ്ടനെ അതിശയിപ്പിക്കുന്ന ഒരു ദൈവപദ്ധതി വെളിപ്പെടുത്താൻ അഭിഷക്തന്മാരുടെ വാക്കുകളിൽ അധികാരം പകരുന്നവന് ആണ് ദൈവം എന്ന് നാം മറന്നു പോകരുത്. തന്നെ മിദ്യാന ശക്തികളിൽ നിന്നും യിസ്രായേലിന് വിടുവിക്കാൻ തിരഞ്ഞെടുത്തു എന്ന് ഗിദയോന്റെ അടുക്കൽ ദൂതനെ അയച്ചു വെളിപ്പെടുത്തിയിട്ടും വിശ്വസിക്കാത്തവൻ, താൻ ചോദിച്ച സകല അടയാളങ്ങളും തിരഞ്ഞെടുപ്പിന്റെ ഉറപ്പിനു വേണ്ടി ചെയ്തു കൊടുത്തിട്ടും അവിശ്വസിച്ചവൻ, പാളയത്തിലേക്ക് ഇറങ്ങിചെല്ലുവാൻ ഭയപ്പെട്ടതിനാൽ തന്റെ ശിഷ്യനായ പൂരയെയും കൂട്ടി ഇറങ്ങി ചെന്നവൻ, ശത്രുവിന്റെ പക്ഷത്തുള്ളവരുടെ വായിൽ തന്നെ കുറിച്ചുള്ള ദൂത് ദൈവം വെളിപ്പെടുത്തി കൊടുത്തപ്പോൾ വിശ്വസിച്ചു ധൈര്യം പ്രാപിച്ചു കാഹളം ഊതുവാൻ കല്പ്പിക്കുന്നത് കാണാം. ദൈവജനത്തിന്റെ നടുവിൽ നിന്നും ബാൽ ശക്തികളെ എന്നെന്നേക്കുമായി തുടച്ചു കളയുന്നതിനു വേണ്ടി സകല ബാൽ പ്രവാചകന്മാരെയും അവരുടെ പിന്തുടച്ചക്കാരെയും ക്ഷേത്രത്തിന്റെ ഉള്ളിൽ കയറ്റി വാതിൽ അടച്ചു ദൈവത്തിന്റെ പ്രവച്ചകന്മാരില്ലെന്നു ഉറപ്പു വരുത്തി കൊന്നു കളയുന്ന യെഹുവിന്റെ അഭിഷേകം അസാധാരണമായത് ആണ്. ഈസബെലിന്റെ വാക്കുകളിൽ ഭയപ്പെട്ടു പിന്മാറുന്ന എലിയാവിന്റെ മേലുള്ളതിനെക്കാൾ അതിശയിപ്പിക്കുന്നതാണ് യെഹുവിൽ വെളിപ്പെട്ട ദൈവനിറവു.


സാമുവേലിന്റെ കാലത്ത് ഫെലിസ്ത്യർ ദൈവജനത്തെ യുദ്ധത്തിൽ തോൽപ്പിച്ച് യഹോവയുടെ പെട്ടകവുമായി സ്വന്ത പട്ടണത്തിലേക്ക് പോകുന്നത് കാണാം. അവർ സേവിക്കുന്ന ദൈവങ്ങളെ പോലെ ഒന്ന് മാത്രമാണ് ജീവനുള്ള യഹോവ എന്ന് അവർ തെറ്റിദ്ധരിച്ചു. തങ്ങളുടെ ദൈവമായ ദാഗോന്റെ ക്ഷേത്രത്തിൽ ദാഗോനോടൊപ്പം യഹോവയുടെ പെട്ടകവും വെക്കുന്നു. കണ്ണുണ്ടെങ്കിലും കാണാത്ത വായുണ്ടെങ്കിലും സംസാരിക്കാതെ ചെവിയുണ്ടെങ്കിലും കേൾക്കാത്ത ഊമ വിഗ്രഹമായ ദാഗോന്റെ പിന്നിൽ വ്യാപരിച്ച ദാഗോന്യ ശക്തിയുടെ കൈ കാലുകളും തലയും അറ്റ് പോകുന്നത് വചനത്തിൽ കാണാം. ദൈവസാന്നിദ്ധ്യത്തിന്റെ മുമ്പിൽ ഒരു അന്യായ ശക്തിക്കും പിടിച്ചു നില്ക്കാനാവില്ല. ഇവിടെ യഹോവയുടെ പെട്ടകം മടക്കി പ്രാപിക്കാൻ യുദ്ധം ചെയ്യുന്നത് ദൈവം തന്നെയാണ്. ബാധകളാൽ പിടിക്കപ്പെട്ട ഫെലിസ്ത്യർ പെട്ടകം ദൈവജനത്തിനു തന്നെ മടക്കി നല്കുന്നു.

പൌലോസും ശീലാസും ദൈവവചനം പ്രസംഗിച്ചു കൊണ്ട് ശക്തമായി ഉപയോഗിക്കപ്പെട്ടു കൊണ്ടിരുന്നപ്പോൾ ഒരു വെളിച്ചപ്പാടത്തിക്കാരി ഇവർ സാക്ഷാൽ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ എന്ന് പറഞ്ഞു അവരെ പിന്തുടരുന്നു. വാസ്തവത്തിൽ അവൾ പറഞ്ഞത് സത്യമാണെങ്കിലും അവളിൽ വ്യാപരിച്ച ശക്തി ദുരാത്മാവായിരുന്നു. അന്യായ ശക്തിയെ പ്രോത്സാഹിപ്പിക്കാത്ത പൌലോസ് അവളിൽ മുഴിഞ്ഞ് അവളിലുള്ള ഭൂതത്തെ ശാസിക്കുന്നു. സാത്താൻ താനും വെളിച്ച ദൂതന്റെ വേഷമെടുക്കുന്നു എന്ന് വചനം പറയുന്നുണ്ടല്ലോ. നമ്മോടു അടുത്ത് ഇടപെട്ടുകൊണ്ടിരിക്കുന്നവരിൽ കൂടെ വരെ അവന്റെ തന്ത്രങ്ങൾ വെളിപ്പെട്ടു വരാം. നീ സാക്ഷാൽ ദൈവപുത്രൻ എന്ന പിതാവിൽ നിന്ന് പ്രാപിച്ച വെളിപ്പാട് വിളിച്ചു പറഞ്ഞ പത്രോസ് നിമിഷ നേരം കൊണ്ട് യേശു കർത്താവിൽ നടക്കാനിരിക്കുന്ന ദൈവീക ഉദേശത്തെ അത് നടക്കാതെ വണ്ണം നിരുത്സാഹപ്പെടുത്തുന്നത് കാണാം. ആ സമയം പത്രോസിൽ വ്യാപരിച്ച സാത്താന്യ ചിന്തയെ യേശു ശാസിക്കുന്നത് കാണാം.

തുടരും

fb.com/ag.mannoor

## ക്രിസ്തീയ ജീവിതത്തിൽ ബില്ലിഗ്രഹാമിന്റെ 10 നിർദ്ദേശങ്ങൾ



(1) പ്രതിദിന ബൈബിൾ വായന: കേവലം ആത്മസംതൃപ്തിക്കായി ഒരു അദ്ധ്യായം വായിക്കാതെ, വായിച്ചു ഹൃദയത്തിൽ സംഗ്രഹിക്കുക. ആ വചനം സംരക്ഷണവും ആലോചനയും തിരുത്തലുകളും ആത്മധൈര്യവും നൽകും.

(2) പ്രാർഥനയുടെ രഹസ്യം പഠിക്കുക: പ്രാർഥന ഒരു ആശയ വിനിമയ മാർഗമാണ്. എല്ലാ പ്രാർഥനകൾക്കും മറുപടിയുണ്ട്. ചിലപ്പോൾ അതെയെന്നും, ചിലപ്പോൾ അല്ലെന്നും, ചിലപ്പോൾ ഏറെ ദിവസങ്ങൾക്കു ശേഷവും.

(3) പരിശുദ്ധാത്മാവിന്റെ നിയോഗം പ്രാപിക്കുക: പരിശുദ്ധാത്മാവ് നമുക്കായി പ്രാർഥിക്കും, നാം ബലഹീനരും അശക്തരും നിരാലംബരുമായി തീരുമ്പോൾ പ്രാർഥനയ്ക്കായി പരിശുദ്ധാത്മാവു നമ്മെ സഹായിക്കും.

(4) സഭാരാധനയിൽ കൃത്യമായി പങ്കെടുക്കുക: ഭൂമിയിലെ ദൈവത്തിന്റെ സമാഗമ സ്ഥലമാണ് സഭ. അവിടെ ഹാജരിടുവാൻ പോകുന്നതിലുപരി വിശുദ്ധന്മാരുടെ സംഗമവേദിയാകേണ്ടതാണ്.

(5) ക്രിസ്തുവിന്റെ പ്രചാരകരാകുക: ജീവിതംകൊണ്ടും വാക്കുകൊണ്ടും നാം ലോകത്തിൽ ക്രിസ്തുവിന്റെ പ്രചാരകരാകുക.

(6) നാം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുക: സ്വയം ത്യജിച്ച ക്രിസ്തുവിന്റെ ക്രുശെടുത്ത് മറ്റുള്ളവനെ സ്നേഹിക്കുക.

(7) അനുസരണയുള്ള ക്രിസ്ത്യാനിയാകുക: ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും നാം ദൈവത്തിന് വിധേയരായി ജീവിക്കുക.

(8) പരീക്ഷകളെ അതിജീവിക്കുവാൻ പഠിക്കുക: പരീക്ഷ ഒരു പാപം അല്ല, അതിനോട് സമരസപ്പെടുന്നതാണ് പാപം. അതുകൊണ്ട് ക്രിസ്തുവിനാലും പരിശുദ്ധാത്മാവിനാലും നാം പാപത്തെ ജയിക്കുക.

(9) നമ്മുടെ ജീവിതം പ്രചോദനമായിരിക്കട്ടെ: നമ്മുടെ ജീവിതവും പ്രവർത്തിയും മറ്റുള്ളവർക്ക് പ്രചോദനമായിരിക്കട്ടെ

(10) സാഹചര്യങ്ങളെ അതിജീവിക്കുക: ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും പൊരുത്തപ്പെടാൻ ശ്രമിക്കുക.

# PROTECT SECULAR FABRIC, SAYS SC

**Delhi:** The Supreme Court has cautioned non-governmental organizations from making allegations which would disturb the country's secular fabric. We are a secular state and everything should be done that protects the secular fabric. Nobody should do things to disturb the secular fabric; said the chief justices of India in a case probing in to incidents of conversion.

There were 823 incidents of communal tension last year in India and 149 incidents from April to June this year.

# 200 million Child Brides!

India is home to one third of the World's child brides, according to a new UNICEF report. Some 700 million girls across the globe have been married off before reaching age 18 according to the report. India passed a law in 2006 banning child marriages; but child Marriages are rarely reported to local authorities because of society's acceptance of the practices and because of few people see it as breaking of law. The government says it has taken significant steps to end child marriage. A national commission for protection of Child Rights was formed in 2007 for the proper enforcement of children's rights while a national strategy on child marriage prevention focusing on law enforcement, access to quality education and other opportunities for empowerment of adolescents was established in 2012.

# RUSSIA RE-BUILDING THE CHURCH

Russian President Valdimir Putin has called for two monasteries and a church that were demolished during Soviet times to be rebuilt in the Kremlin. The largest overhaul of the sites architectural landscape in nearly a century. Putin has cultivated strong ties with Patriarch Kirill, the head of the Russian Orthodox Church, adopting more Conservative policies and prompting some critics to suggest the line separating state and Church has become blurred.

# DEPUTY CM APOLOGIZES FOR COMMENTS




**Panaji:** Goas's Deputy Chief Minister Francis D'Souza has apologized for his controversial comments regarding Hinduism and Christianity. “Hindu is my culture, Christianity is my religion. When I say Hindu, it means culture and not religion, Hindu culture is 5000 years old and my religion is 2000 years old,” Mr D'Souza clarified. Earlier Mr D'Souza had said, India is a Hindu country, it is Hindustan. All Indians in Hindustan are Hindus, including me, I am a Christian Hindu.”His Comments triggered uproar in the national media and on the political scene. The opposition asked the Goa Roman Catholic Church to excommunicate him for committing heresy. Mr D'Souza is one of the senior- most minority members of the ruling BJP in Goa.

# AG CHURCH CENTENNIAL

**Sprig field:** In this our 100th year we must redouble our efforts to bear witness, in the power of the Holy Spirit, to reach all the world with the gospel, said AG General Superintendent George Wood on the occasion of its centennial celebrations. The AG church is the World's largest Pentecostal denomination with some 67 million members. It is also one of the fastest growing International protestant denominations.

# WOMEN BISHOPS APPROVED



**July 15:** The Church of England has voted to allow women to become bishops for the first time in its history. The General Synod gave final approval to legislation introducing the change by the required two-thirds majority. The previous voting 2012 was backed by the Houses of Bishops and Clergy but blocked by traditionalist lay members. The Anglican commomunion has the largest Christian denomination in Briton and a presence in more than 160 countries. Women bishops are already in office in a number of provinces including the US, Canada, South Africa, Australia and New eland.

# ചൈനീസ് ക്രിസ്ത്യൻ മനുഷ്യാവകാശ പ്രവർത്തകന് ജയിൽ മോചനം

**ബീജിംങ്:** ചൈനയിലെ പ്രമുഖ ക്രിസ്ത്യൻ മനുഷ്യാവാകാശ പ്രവർത്തകനും ക്രൈസ്തവ നേതാവുമായ ഗാവോഷിമെങ് ജയിൽ മോചിതനായി. ഇദ്ദേഹത്തിന്റെ സഹോദരനാണ് ഈ വിവരം പുറത്തു വിട്ടത്.

ആസസ്റ്റ് 7നാണ് സിൻജിയാങ് പ്രവിശ്യയിലെ ഷയ ജയിലിൽ നിന്ന് അദ്ദേഹം മോചിതനായത്. ഗാവോയ്ക്ക് ശക്തമായ സുരക്ഷാ നിരീക്ഷണം ഏർപ്പെടുത്തിയിരുന്നതിനാൽ കൂടുതലൊന്നും പ്രതികരിക്കാൻ ഭരണകൂടം അനുവദിക്കുന്നില്ല. ഇദ്ദേഹം ഇപ്പോൾ ഉറുംഖിയിലെ തന്റെ ഭാര്യാപിതാവിന്റെ വീട്ടിലാണ്. ചൈനയിലെ ക്രൈസ്തവർക്കെതിരെ ഭരണകൂടം നടത്തുന്ന പീഢനങ്ങൾക്കും നീതി നിഷേധത്തിനുമെതിരെ ശക്തമായി പോരാടുകയും ക്രൈസ്തവർക്ക് നിയമ സഹായം ചെയ്യുന്നതിനു മുൻനിരയിൽ നിന്നിട്ടുള്ള ഗാവോയെ 2006 ആഗസ്റ്റിലാണ് പോലീസ് ആദ്യമായി അന്യായമായി അറസ്റ്റു ചെയ്തത് ജയിലിൽ ആക്കിയത്. തുടർന്നു മൂന്നു വർഷത്തെ ജയിൽ ശിക്ഷയ്ക്കു വിധേയനായി. പിന്നീട് 2011-ൽ വീണ്ടും മൂന്നു വർഷത്തേക്കു തടവു ശിക്ഷ കിട്ടി. ജയിലിൽ കഴിയുന്ന കാലം നരക തുല്യമായിരുന്നു. കടുത്ത പീഢനങ്ങളേയും മർദ്ദനങ്ങളേയും അതിജീവിച്ച് ആരോഗ്യനില വഷളായി. ഈ അവസരത്തിൽ തന്റെ ഭാര്യയ്ക്കു മാത്രമേ ഗാവോയെ സന്ദർശിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. ഗാവോയെ മോചിപ്പിക്കണമെന്ന് അന്താരാഷ്ട്രതലത്തിൽ ആവശ്യമുയർന്നിരുന്നു. ചൈനയിലെ സാമൂഹിക മനുഷ്യാവകാശ പ്രവർത്തനത്തിനു രണ്ടു തവണ നോബൽ പുരസ്ക്കാരത്തിനു നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ബീജിംങ് കേന്ദ്രീകരിച്ചായിരുന്നു തന്റെ അഭിഭാഷക പ്രവർത്തനം.

# ഇവാഞ്ചലിസം ഡേ സമാപിച്ചു

**കുമ്പനാട്:** ഒരു ലക്ഷം ട്രാക്റ്റുകൾ വിതരണം ചെയ്തും പരസ്യയോഗങ്ങൾ സംഘടിപ്പിച്ചും ഐ.പി.സി. കേരള സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് നേതൃത്വം നൽകിയ ഇവാഞ്ചലിസം ഡേ ആഗസ്റ്റ് 15 ന് കേരളമെമ്പാടും നടന്നു.

പുനലൂരിൽ സംസ്ഥാനതല പ്രോഗ്രാമിനു പി.വി.കുട്ടപ്പൻ നേതൃത്വം നൽകി. തലസ്ഥാന നഗരിയായ തിരുവനന്തപുരത്ത് ഇവാഞ്ചലിസം ബോർഡ് വൈസ് ചെയർമാൻ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ ഷിബിൻ ശാമുവേൽ, പി.വൈ.പി.എ. വൈസ് പ്രസിഡന്റ് സിനോജ് എന്നിവർ സന്ദേശം നൽകി.

മാവേലിക്കരയിൽ ചെയർമാൻ പാസ്റ്റർ തോമസ് ഫിലിപ്പ് (വെൺമണി) സ്വാതന്ത്ര്യ ദിന സന്ദേശം നൽകി. കോട്ടയത്ത് സെക്രട്ടറി സജി പോൾ ഇവാഞ്ചലിസം ഡേയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ഇ.എ.മോസസ് പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു.

തുടർന്നും ലക്ഷക്കണക്കിന് ലഘുലേഖകൾ അച്ചടിക്കുമെന്നും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വടക്കൻ കേരള സുവിശേഷ യാത്ര സംഘടിപ്പിക്കുമെന്നും സെക്രട്ടറി സജി പോൾ അറിയിച്ചു.

# അഗാപ്പെ കൺവൻഷൻ

**ഡാളസ്:** അഗാപ്പെ ഫുൾഗോസ്പൽ മിനിസ്ട്രീസിന്റെ എട്ടാമതു വാർഷിക കൺവൻഷൻ സെപ്റ്റംബർ 10-14 വരെ ഡാളസിൽ നടക്കും. ഡയറക്ടർ പാസ്റ്റർ ഷാജി ഡാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വി.ജെ.ട്രാവൻ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

റവ. മൈക്കിൾ മാത്യു, റവ. റ്റിനു ജോർജ്ജ് എന്നിവരാണ് മുഖ്യ പ്രാസംഗികർ. 18 വർഷം മുമ്പ് ആരംഭിച്ച അഗാപ്പെ മിനിസ്ട്രീസിന് കേരളം, വടക്കേ ഇന്ത്യ, ദുബായ്, ഷാർജ, അബുദാബി എന്നിവിടങ്ങളിൽ സഭകളും ബൈബിൾ സ്കൂളും സെക്കുലർ സ്കൂളുകളുമുണ്ട്.

Heavenly Express is printed ,published & Owned by Rev. P.K. Johnson on behalf of HVAG Trust, and Published from Heavenly express No.155,KSFC Layout Oil mill Road, Bangalore, Karnataka-560084, Mob:09845154986. Printed at Evangel printers, No.2/1, Park Road Bangalore-560084.Chief Editor Mr.Blesson K.Philip Bangalore-560077.